റീസർവേ ജോലികൾ

*11 [266] ശ്രീ. പിരപ്പൻകോട് മുരളി:
,, വി. കെ. ചന്ദ്രൻ:
,, ടി. കെ. ബാലൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവേ ജോലികൾ ആധുനികവൽക്കരിക്കുന്നതിനും തെറ്റുകൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇതുവരെ റീസർവേ ആരംഭിച്ചിട്ടില്ലാത്ത എത്ര വില്ലേജുകൾ ഉണ്ടെന്നറിയിക്കാമോ; ഇവയിൽ എന്നത്തേക്ക് റീസർവേ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും;

(സി) റീസർവേക്ക് ആവശ്യമായ ആധുനിക സർവേ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ജീവനക്കാർക്ക് ഈ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) 2003-2004 വർഷം റീസർവേ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എത്ര എണ്ണത്തിൽ തീർപ്പായി;

(ഇ) റീസർവേയുടെ പ്രവർത്തനം പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്. സംസ്ഥാനത്ത് പുതുതായി റീസർവേ ആരംഭിക്കുന്ന വില്ലേജുകളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു മാത്രമാണ് സർവേ നടത്തുന്നത്. ഇപ്പോൾ 31 വില്ലേജുകളിൽ ഇപ്രകാരം സർവേ നടന്നു വരുന്നു. ആധുനിക സർവേ ഉപകരണങ്ങൾ ഉപയോഗിച്ച് ഒരു വില്ലേജിൽ റീസർവ്വേ ആരംഭിച്ചാൽ 2 വർഷത്തിനകം പ്രസ്തുത വില്ലേജിലെ റിക്കാർഡുകൾ ഫൈനലാക്കാൻ കഴിയുന്നതാണ്. അതിനാൽ തെറ്റുകൾ പരമാവധി കുറയ്ക്കാൻ കഴിയും.

(ബി) 806 വില്ലേജുകൾ. ഇപ്പോൾ റീസർവേ നടന്നുവരുന്ന 31 വില്ലേജുകളിലെ റീസർവേ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക്, മേപ്പടി വില്ലേജുകളിലും റീസർവേ ആരംഭിക്കുന്നതാണ്. അടുത്ത 12 വർഷത്തിനുള്ളിൽ എല്ലാ വില്ലേജുകളിലേയും റീസർവേ പൂർത്തിയാക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റീസർവേക്ക് ആവശ്യമായ ആധുനിക സർവേ ഉപകരണങ്ങൾ ഏറെക്കുറെ ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) 2003 മാർച്ച് മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ നടത്തിയ ഏകദിന അദാലത്തിൽ 52044 അപേക്ഷകൾ ലഭിച്ചു. അവയിൽ (മുൻവർഷങ്ങളിലെ ഉൾപ്പെടെ) 52636 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

അതുപോലെ 2003 മാർച്ച് മുതൽ 2004 മാർച്ച് വരെയുള്ള കാലഘട്ടത്തിൽ നടത്തിയ ഏകമാസ അദാലത്തിൽ 32895 അപേക്ഷകൾ ലഭിക്കുകയും അവയിൽ (മുൻവർഷമുൾപ്പെടെ) 35608 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഒരു ജില്ലയിൽ റീസർവേ ആരംഭിക്കുന്നതിനുമുമ്പുതന്നെ, റീസർവേ ആരംഭിക്കുന്നതായി പത്രപരസ്യം കൊടുക്കാറുണ്ട്. ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായി ചേർന്ന്, ബിറ്റ് നോട്ടീസ്, പോസ്റ്റർ, ബാനർ, മൈക്ക് അനൗൺസ്മെന്റ് തുടങ്ങിയ കാര്യങ്ങൾ നടത്തിവരുന്നു. റീസർവേ റിക്കാർഡുകൾ ഫൈനലാവുന്ന മുറക്ക്, പൊതുജനങ്ങൾക്ക് റിക്കാർഡുകൾ പരിശോധിക്കാനായി ഏകമാസ അദാലത്ത്, പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തിവരുന്നു. അത്തരം അദാലത്തിൽ പരാതികൾ പരിഹരിക്കാൻ കഴിയാത്തവർക്ക് ഏകദിന അദാലത്തിലും അവസരം നൽകുന്നു.

തലസ്ഥാന നഗരിയിലെ പ്രധാന റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്നതിന് നടപടി

*12 [267] ശ്രീ. സി. ടി. അഹമ്മദ് അലി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ പ്രധാന റോഡുകളുടെ വീതി വർദ്ധിപ്പിക്കുന്ന നടപടി എന്ന് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ പ്രധാന പാതകൾ ആറുവരി ആക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) തിരക്കേറിയ തലസ്ഥാന നഗരിയിൽ റോഡ് വീതികൂട്ടലും മേൽപ്പാലങ്ങളുടെയും അണ്ടർഗ്രൗണ്ട് റോഡുകളുടെയും മറ്റും നിർമ്മാണ പ്രവർത്തനങ്ങളും അടിയന്തിരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly